പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. എന്നാൽ ഗവൺമെന്റ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ.യുടെ കൂടി സഹകരണം അത്യന്താപേക്ഷിതമാണ്.

(ഡി) 1998-99 അദ്ധ്യയന വർഷം ഇക്കാര്യത്തിൽ അതാത് ജില്ലകളിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരെയാണ് നിയോഗിച്ചിരുന്നത്. എന്നാൽ ഈ അദ്ധ്യയനവർഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കാനിരിക്കുന്നതേയുള്ളൂ.

കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർ സ്കൂളിൽ പ്ളസ് ടൂ അനുവദിക്കണമെന്ന ആവശ്യം

32 (2012) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം എല്ലാ ഗവൺമെന്റ് ഹൈസ്ക്കൂളുകളിലും പ്ളസ് ടൂ കോഴ്സ് അനുവദിക്കുമോ ;

(ബി) കൊയിലാണ്ടി ഗവൺമെന്റ് ബോയ്സ് ഹൈസ്ക്കൂളിലും മാനേജ്മെന്റിന്റെ കീഴിലുള്ള കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർ സ്കൂളിലും ആശ്രമം സ്കൂളായ ആശ്രമം ഹൈസ്ക്കൂളിലും പ്ളസ് ടൂ കോഴ്സ് അനുവദിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഡീലിങ്ക് ചെയ്യപ്പെടുന്ന പ്രീഡിഗ്രി സീറ്റുകൾക്ക് ആനുപാതികമായിട്ടാണ് പ്ളസ് ടൂ സ്കൂളുകൾ അനുവദിക്കുന്നത്. എല്ലാ ഗവൺമെന്റ് ഹൈസ്ക്കൂളുകളിലും പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്നത് പ്രായോഗികമല്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

തട്ടത്തുമല, നാവായികുളം, ഇളമ്പ എന്നീ സ്കൂളുകളിൽ പ്ളസ് ടൂ അനുവദിക്കുന്ന നടപടി

33 (2013) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട തട്ടത്തുമല, നാവായികുളം, ഇളമ്പ എന്നീ ഗവൺമെന്റ് ഹൈസ്കൂളുകളിൽ പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly